LIBRARY ARCHIVES Kerala Legislative Assembly

സുഗന്ധവ്യഞ്ജന കൃഷി വിളകളിൽ വിഷാംശത്തിന്റെ അളവ്

182 (3388) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സുഗന്ധവ്യഞ്ജന കൃഷി വിളകളിൽ വിഷാംശത്തിന്റെ അളവ് വർദ്ധിക്കുന്നുവെന്ന കേന്ദ്ര സർക്കാരിന്റെ കണ്ടെത്തൽ ഈ രംഗത്ത് സംസ്ഥാനത്തിന്റെ വിളകൾക്കുണ്ടായിരുന്ന വിശ്വാസ്യതയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാരിന്റെ ഈ കണ്ടെത്തൽ പലപ്പോഴും സംസ്ഥാന സർക്കാരിന്റെ പരിശോധനാ ഫലങ്ങളോട് ഒത്തുപോകുന്നതല്ലായെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) അന്യസംസ്ഥാനത്തു നിന്നും വരുന്ന പഴങ്ങളിലെയും പച്ചക്കറിയിലെയും വിഷാംശത്തിനെയും കീടനാശിനി സാന്നിധ്യത്തെയും കുറിച്ച് ആക്ഷേപം ഉന്നയിക്കുമ്പോഴും തദ്ദേശീയ വിളകളിൽ ഇതിന്റെ പ്രയോഗം തടയാൻ കഴിയാത്തതിനെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) സുഗന്ധവ്യഞ്ജന വിളയായ ഏലത്തിൽ മറ്റുവിളകളെ അപേക്ഷിച്ച് വിശാംശത്തിന്റെ അളവ് കൂടുതലാണെന്ന കണ്ടെത്തൽ കാർഷിക സർവ്വകലാശാല നടത്തിയ പഠനങ്ങളിലും ശരിവയ്ക്കുന്നതായിരുന്നു. എന്നാൽ ഈ റിപ്പോർട്ടുകൾ നമ്മുടെ സംസ്ഥാനത്ത് നിന്നുള്ള ഏലം കയറ്റുമതിയെ പ്രതികൂലമായി ബാധിച്ചിട്ടില്ലായെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(ബി) കേന്ദ്രസർക്കാരിന്റെ പദ്ധതിയിലെ പരിശോധന ഏലം, കുരുമുളക് എന്നീ രണ്ട് ഉൽപന്നങ്ങളിൽ മാത്രമായിരുന്നു. എന്നാൽ സംസ്ഥാന കൃഷി വകുപ്പിന്റെ നിർദ്ദേശപ്രകാരം കാർഷിക സർവ്വകലാശാലയുടെ 'സേഫ് റ്റു ഈറ്റ് ' എന്ന പദ്ധതിയിൽ സുഗന്ധ വിളകൾ, വ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, കറിമസാലക്കൂട്ടുകൾ, സംസ്കരിച്ച സുഗന്ധവ്യഞ്ജനങ്ങൾ എന്നിങ്ങനെ 36 തരം ഉൽപ്പന്നങ്ങളുടെ പരിശോധന നടത്തിയതുകൊണ്ട് സ്വാഭാവികമായും ഫലങ്ങളിൽ വ്യത്യാസം കണ്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കൃഷി ചെയ്യുന്ന വിളകളിൽ അമിത കീടനാശിനി പ്രയോഗം തടയുന്നതിനും സുരക്ഷിതമായ ഭക്ഷ്യഉൽപന്നങ്ങളുടെ ഉൽപാദന ത്തിനുമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

1. അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷലിപ്തമല്ലാത്ത ഭക്ഷ്യവിളകളുടെ ഉൽപ്പാദനം സംബന്ധിച്ചും കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനങ്ങൾ, ശിൽപശാലകൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.
2. കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ കീടനാശിനികൾ/കളനാശിനികൾ എന്നിവ വിൽപന നടത്താവൂ എന്നും പ്രത്യേകിച്ച് നിയന്ത്രിത കീടനാശിനികളുടെ കാര്യത്തിൽ ഈ ഉത്തരവ് കർശനമായി പാലിക്കണമെന്നുള്ള നിർദ്ദേശത്തോടെയാണ് കീടനാശിനി വിതരണ ഏജൻസികൾക്ക് ലൈസൻസ് നൽകിവരുന്നത്.
3. രാസകീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളും സംയോജിത കീടനിയന്ത്രണവും അവലംബിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിനായി തെരഞ്ഞെടുത്ത 118 ബ്ലോക്കുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.
4. സുരക്ഷിതമായ ഭക്ഷ്യഉൽപന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൂടുതൽ പ്രാധാന്യം നൽകി ജൈവകൃഷി നടപ്പിലാക്കി.
5. ജൈവകൃഷി അവലംബിക്കുന്ന കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില നൽകി സംഭരിച്ച് പൊതുജനങ്ങൾക്ക് ഭക്ഷ്യയോഗ്യമായ സുരക്ഷിത കാർഷിക ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ 65 എക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.
6. ജൈവകൃഷി നടപ്പിലാക്കുന്ന മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിയോജക മണ്ഡലത്തിനും അവാർഡ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
7. കേരളത്തിലെ 12 ജില്ലകളിലായി (കാസർഗോഡ്, വയനാട് ഒഴികെ) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി നടപ്പിലാക്കുന്നതിനും പി.ജി.എസ്. സർട്ടിഫിക്കേഷൻ നൽകുന്നതിനും പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന ജൈവ വളങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് അവയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.
8. വരുംതലമുറയിൽ ജൈവകൃഷിയുടെ അവബോധം വളർത്തിയെടുക്കുവാൻ ഒരു വിദ്യാർത്ഥിയെത്തന്നെ ജൈവകൃഷിയുടെ അംബാസിഡറായി പ്രഖ്യാപിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

മേൽ വിവരിച്ച പ്രവർത്തനങ്ങളിലൂടെ അമിത രാസവളകീടനാശിനി പ്രയോഗം കുറച്ച് സുരക്ഷിതമായ ഭക്ഷ്യോൽപ്പാദനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

നെൽകൃഷി വ്യാപന പദ്ധതികൾ

183 (3389) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്.ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപന പദ്ധതികൾക്ക് കോടികൾ ചെലവഴിച്ചിട്ടും വയലുകളുടെ വിസ്തീർണ്ണവും ഉല്പാദനവും കുറയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നെൽകൃഷിയിൽ ശരാശരി ഉല്പാദനം ഹെക്ടറൊന്നിന് മൂന്ന് ടണ്ണിൽ കൂടുതലാക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി ; എത്ര തുക അനുവദിച്ചു ; വിശദമാക്കുമോ;

(സി) കൃഷി ഭവനുകളിൽ തയ്യാറാക്കിയ ഡാറ്റാ ബാങ്ക് അനുസരിച്ച് സംസ്ഥാനത്ത് എത്ര ഹെക്ടർ തരിശ് നിലമാണുണ്ടായിരുന്നത് ; ഇപ്പോൾ എത്ര ഹെക്ടർ തരിശ് നിലമുണ്ട്; തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി ; വിശദമാക്കുമോ?

ഉത്തരം

(എ) നെൽവയലുകൾ മറ്റാവശ്യങ്ങൾക്കായി നികത്തുന്നതിനാലാണ് ഓരോ വർഷം കഴിയുന്തോറും നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞ് വരുന്നത്. എന്നാൽ നെൽ വിസ്തൃതിയുടെ കുറവ് മുന്നിൽ കണ്ടുകൊണ്ട് നെൽപ്പാടങ്ങളിൽ നെൽകർഷകർക്ക് സബ്സിഡി നൽകി വിവിധ നെൽകൃഷി വികസന പദ്ധതികൾ മെച്ചപ്പെട്ട സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നടപ്പിലാക്കുകയും അതുവഴി ഉൽപ്പാദനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. അരിയുടെ ഉൽപ്പാദനം 2010-11-ൽ 522740 മെ.ടൺ ആയിരുന്നത് 2011-12 വർഷം 568993 മെ.ടൺ ആയി ഉയർന്നു. ആയതിനാൽ 2011-12 വർഷം മുൻവർഷത്തേക്കാൾ 46253 മെ.ടൺ അരി

LIBRARY ARCHIVES Kerala Legislative Assembly